"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഉജ്ജീവന വായ്പ പദ്ധതി - സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തൃശ്ശൂർ ശാഖയിൽ നിന്ന് വായ്പ എടുത്ത 23 അപേക്ഷകരിൽ നിന്ന് പൂർണ്ണ വിവരങ്ങൾ നൽകിയ 20 കർഷകർക്ക് /സംരംഭകർക്ക്, അനുവദിച്ച വായ്പയിന്മേൽ സർക്കാർ നൽകുന്ന മാർജിൻ മണി ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.10/2026/RD തീയതി,തിരുവനന്തപുരം, 08-01-2026**

---

പരാമർശം:-
1. സ.ഉ.(കൈ) നം.27/2018/DMD തീയതി 17/12/2018.
2. സ.ഉ.(കൈ) നം.4/2019/DMD തീയതി 22/02/2019.
3. സ.ഉ.(കൈ) നം.4/2020/DMD തീയതി 12/02/2020.
4. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ തൃശ്ശൂർ ശാഖയിൽ നിന്നും 28/09/2021 -ലെ CD(CS)GOV/9A/21-22 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയ അപേക്ഷ.

**<u>ഉത്തരവ്</u>**

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/ പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻ മണി/താങ്ങ് പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം (1) , (2) ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി' യിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത വായ്പാ പദ്ധതിയുടെ കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ എറണാകുളം, ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുള്ള 23 കർഷകർക്ക്/സംരഭകർക്ക് അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്ക് ക്രെഡിറ്റ് വിഭാഗം ചീഫ് മാനേജർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ എടുത്ത 23 പേരിൽ ജില്ലാ വ്യവസായ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള, എറണാകുളം, ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുള്ള കർഷകർക്ക് / സംരംഭകർക്ക്, അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻ മണി വിതരണം ചെയ്യുന്നതിനായി ആകെ 21,93,750/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ജില്ല (ഗുണഭോക്താക്കളുടെ എണ്ണം) | ധനസഹായം അനുവദിക്കപ്പെടുന്ന ഗുണഭോക്താവിന്റെ സ്ഥാപനത്തിന്റെ പേര് | ധനസഹായം അനുവദിക്കപ്പെടേണ്ട ബാങ്കിന്റെയും / ബ്രാഞ്ച് / പേര് | ബാങ്ക് അനുവദിച്ച വായ്പ തുക(₹) | മാർജിൻ മണി ആയി അനുവദിക്കപ്പെടുന്ന തുക (₹) | ബന്ധപ്പെട്ട കളക്ടർക്ക് അനുവദിക്കേണ്ടുന്ന ആകെ തുക (₹) |
|---|---|---|---|---|---|
| | Shaju PO, Puthussery Furniture, Kalady. | South Indian Bank | 3,50,000 | 87,500 | |
| | Asees, Blackstone Enterprise, Kalady. | South Indian Bank | 21,48,000 | 2,00,000 | |
| | Joseph TD, Shining Treads. North Paravoor | South Indian Bank | 6,00,000 | 1,50,000 | |
| | Shaji PK, AshnaTraders.Chendamangalam, Ernakulam | South Indian Bank | 1,50,000 | 37,500 | |
| | Krishnakumar KS, Daivakripa Oil Mills, Chendamangalam, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | Radhakrishnan, Paravur Rat Box, Chendamangalam, Ernakulam. | South Indian Bank | 1,00,000 | 25,000 | |

| | | | | | |
|---|---|---|---|---|---|
| Ernakulam (16 ) | Dileep PS, Pottassery Industries, Chendamangalam, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | Nandakumar, Shop & Save, Chendamangalam, Ernakulam. | South Indian Bank | 7,00,000 | 1,75,000 | |
| | Nisha PM, Sree Stores, Chendamangalam, Ernakulam. | South Indian Bank | 1,50,000 | 37,500 | |
| | Sherin MP, St.Antony's Electricals, Chendamangalam, Ernakulam. | South Indian Bank | 3,85,000 | 96,250 | |
| | Jimson KC, Cherupushpam Stores, Perumbavoor. | South Indian Bank | 5,00,000 | 1,25,000 | |
| | Linta Binu, Anna Stores, Ayroor, Ernakulam. | South Indian Bank | 10,00,000 | 2,00,000 | |
| | Paulson VO, Vithayathil Industries, Ayroor, Ernakulam. | South Indian Bank | 8,00,000 | 2,00,000 | |
| | Manoj Menon S, Arvind Gifts & Stationaries, Ayroor, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | John Joseph, Manakil Enterprises & Industries, Ernakulam North. | South Indian Bank | 50,000 | 12,500 | |
| | Binoy Kurian, Tropical Spices, Mookannoor. | South Indian Bank | 8,00,000 | 2,00,000 | **17,71,250** |
| | Saji Thadathil, JM Medicals, Idukki. | South Indian Bank | 4,50,000 | 1,12,500 | |
| | Dense Johnson, Mari | South | | | **1,37,500/-** |

| | | | | | |
|---|---|---|---|---|---|
| Idukki(2) | a Trading Company, Idukki. | Indian Bank | 1,00,000 | 25,000 | |
| Kozhikode(1) | Shaheeda Aboobacker,Tony Bags, Poonoor, Kozhikode. | South Indian Bank | 340000 | 85000 | **85,000/-** |
| Pathanamthitta(1) | Jafar AV, A One Hotel,Thadiyoor, Pathanamthitta. | South Indian Bank | 10,00,000 | 2,00,000 | **2,00,000/-** |
| **TOTAL (20 Beneficiaries)** | | | **105,23,000/-** | **21,93,750/-** | **21,93,750/-** |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ 21,93,750/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം എറണാകുളം,ഇടുക്കി ,കോഴിക്കോട്, പത്തനംതിട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കിന് ജില്ലാ കളക്ടർ ക്രഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതും ടി ഇനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, എറണാകുളം, ഇടുക്കി , കോഴിക്കോട്, പത്തനംതിട്ട.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം, ഇടുക്കി , കോഴിക്കോട്, പത്തനംതിട്ട (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ) കേരള തിരുവനന്തപുരം
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി ,തിരുവനന്തപുരം
ചീഫ് മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഹെഡ് ഓഫീസ്, TB റോഡ്, തൃശൂർ - 680 001
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

പൊതുഭരണ (എസ്.സി ) വകുപ്പ് (07.01.2026-ലെ മന്ത്രിസഭായോഗതീരുമാനം ഇനം നം.3505 പ്രകാരം )

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ . വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF -A5/284/2021-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 08-01-2026 20:25:29

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/284/2021/റവ. ഇനം നം: 3505

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഉജ്ജീവന വായ്പ പദ്ധതി - സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂർ ശാഖയിൽ നിന്ന് വായ്പ എടുത്ത 23 അപേക്ഷകരിൽ നിന്ന് പൂർണ്ണ വിവരങ്ങൾ നൽകിയ 20 കർഷകർക്ക്/സംരംഭകർക്ക് അനുവദിച്ച വായ്പ തുകയ്ക്ക് സർക്കാർ നൽകുന്ന മാർജിൻ മണിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 21,93,750/- രൂപ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 5/284/2021-റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ഉജ്ജീവന വായ്പ പദ്ധതി - സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂർ ശാഖയിൽ നിന്ന് വായ്പ എടുത്ത 23 അപേക്ഷകരിൽ നിന്ന് പൂർണ്ണ വിവരങ്ങൾ നൽകിയ 20 കർഷകർക്ക് /സംരംഭകർക്ക് അനുവദിച്ച വായ്പ തുകയ്ക്ക് സർക്കാർ നൽകുന്ന മാർജിൻ മണിയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 21,93,750 രൂപ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.11.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.12.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29.12.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30.12.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.12.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഉജ്ജീവന വായ്പ പദ്ധതി പ്രകാരം SOUTH INDIAN BANK,THRISSUR BRANCH ൽ നിന്നും വായ്പ എടുത്ത 23 പേരിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള 20 കർഷകർക്ക് / സംരംഭകർക്ക്, അനുവദിച്ച വായ്പാത്തുകയിൽ ഗവൺമെന്റ് നൽകേണ്ടുന്ന മാർജിൻ മണി ഇനത്തിൽ ആകെ 21,93,750/-രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം) CMDRF-ൽ നിന്നും അനുവദിച്ച നൽകുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡുടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 17/12/2018-ലെ സ.ഉ.(കൈ) 27/2018/ഡി.എം.ഡി പ്രകാരം ഉജ്ജീവന വായ്പ പദ്ധതിക്ക് രൂപം നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം മേൽ പറഞ്ഞ ദുരന്തബാധിതർക്ക് ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന term loan-ന്റെ മാർജിൻ മണി ആയി രണ്ട് ലക്ഷം രൂപയോ, വായ്പയുടെ 25% ഏതാണോ കുറവ് ആ തുകയും working capital (മൂലധനം) എടുക്കുന്നവർക്ക് ഒരു ലക്ഷം രൂപയോ വായ്പയുടെ 25% ഏതാണോ കുറവ് ആ തുകയും നൽകുന്നതാണ് എന്ന് ഉത്തരവായിരുന്നു. 22/02/2019 -ലെ സ.ഉ.(കൈ) 4/2019/ഡി.എം.ഡി, പ്രകാരം ടി ഉത്തരവ് പരിഷ്കരിച്ച് ഉത്തരവായിരുന്നു. ഇതിൻ പ്രകാരം ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന term loan-ന്റെയോ പ്രവർത്തന മൂലധനത്തിന്റെയോ (working capital) മാർജിൻ മണി പരമാവധി രണ്ട് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുള്ള തുക ബാങ്കുകൾക്ക് നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

3) തൃശ്ശൂർ ജില്ലയിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും, വ്യവസായ വകുപ്പ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ ഇനത്തിൽ ഉജ്ജീവന വായ്പ പദ്ധതി പ്രകാരം വായ്പ എടുത്ത 23 കർഷകർക്ക് / സംരംഭകർക്ക് അനുവദിച്ച വായ്പാത്തുകയിൽ ഗവൺമെന്റ് നൽകേണ്ടുന്ന മാർജിൻ മണി ഇനത്തിൽ 26,18,750/-രൂപ ( ഇരുപത്തിയാറു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റി അമ്പതു രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച നൽകുന്നതിന് അപേക്ഷ ലഭിക്കുകയുണ്ടായി. ലിസ്റ്റിലുള്ള ഉപഭോക്താക്കൾക്ക് ഇതിന് മുൻപ് ഉജ്ജീവന വായ്പാ പദ്ധതി പ്രകാരമുള്ള സർക്കാർ

ധനസഹായം നൽകിയിട്ടുണ്ടോ എന്നതിന്മേൽ തൃശ്ശൂർ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. തൃശ്ശൂർ ജില്ലയിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും ഉജ്ജീവന വായ്പ പദ്ധതി പ്രകാരം വായ്പ എടുത്ത 23 കർഷകർക്ക്/സംരംഭകർക്ക് ജില്ലയിൽ നിന്നും സബ്സിഡി അനുവദിച്ചിട്ടില്ല എന്നും തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ ജില്ലാ വ്യവസായ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും പൂർണമായ വിവരങ്ങൾ ലഭിച്ചിട്ടുള്ള 20 കർഷകർക്ക് / സംരംഭകർക്ക് ( വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)മാർജിൻ മണി ഇനത്തിൽ ആകെ 2193750/-രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്നതു സംബന്ധിച്ച ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂർ ശാഖയിൽ നിന്ന് വായ്പ എടുത്ത 20 കർഷകർക്ക് / സംരംഭകർക്ക് മാർജിൻ മണി വിതരണം ചെയ്യുന്നതിനായി അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പ്രകാരം , ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് 21,93,750/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണോ ?

## അനുബന്ധം

| ജില്ല (ഗുണഭോക്താക്കളുടെ എണ്ണം) | ധനസഹായം അനുവദിക്കപ്പെടുന്ന ഗുണഭോക്താവിന്റെ സ്ഥാപനത്തിന്റെ പേര് | ധനസഹായം അനുവദിക്കപ്പെടേണ്ട ബാങ്കിന്റെയും / ബ്രാഞ്ച് / പേര് | ബാങ്ക് അനുവദിച്ച വായ്പ തുക(₹) | മാർജിൻ മണി ആയി അനുവദിക്കപ്പെടുന്ന തുക (₹) | ബന്ധപ്പെട്ട കളക്ടർക്ക് അനുവദിക്കേണ്ടുന്ന ആകെ തുക (₹) |
|---|---|---|---|---|---|
| Ernakulam (16) | Shaju PO, Puthussery Furniture, Kalady. | South Indian Bank | 3,50,000 | 87,500 | |
| | Asees, Blackstone Enterprise, Kalady. | South Indian Bank | 21,48,000 | 2,00,000 | |
| | Joseph TD, Shining Treads. North Paravoor | South Indian Bank | 6,00,000 | 1,50,000 | |
| | Shaji PK, AshnaTraders.Chendamangalam, Ernakulam | South Indian Bank | 1,50,000 | 37,500 | |
| | Krishnakumar KS, Daivakripa Oil Mills, Chendamangalam, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | Radhakrishnan, Paravur Rat Box, Chendamangalam, Ernakulam. | South Indian Bank | 1,00,000 | 25,000 | |
| | Dileep PS, Pottassery Industries, Chendamangalam, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | Nandakumar, Shop & Save, Chendamangalam, Ernakulam. | South Indian Bank | 7,00,000 | 1,75,000 | |
| | Nisha PM, Sree Stores, Chendamangalam, Ernakulam. | South Indian Bank | 1,50,000 | 37,500 | |
| | Sherin MP, St.Antony's Electricals, | South Indian Bank | 3,85,000 | 96,250 | |

| | | | | | |
|---|---|---|---|---|---|
| | Chendamangalam, Ernakulam.( | | | | |
| | Jimson KC, Cherupushpam Stores, Perumbavoor. | South Indian Bank | 5,00,000 | 1,25,000 | |
| | Linta Binu, Anna Stores, Ayroor, Ernakulam. | South Indian Bank | 10,00,000 | 2,00,000 | |
| | Paulson VO, Vithayathil Industreis, Ayroor, Ernakulam. | South Indian Bank | 8,00,000 | 2,00,000 | |
| | Manoj Menon S, Arvind Gifts & Stationaries, Ayroor, Ernakulam. | South Indian Bank | 3,00,000 | 75,000 | |
| | John Joseph, Manakil Enterprises & Industries, Ernakulam North. | South Indian Bank | 50,000 | 12,500 | |
| | Binoy Kurian, Tropical Spices, Mookannoor. | South. Indian Bank | 8,00,000 | 2,00,000 | |
| Idukki(2) | Saji Thadathil, JM Medicals, Idukki. | South Indian Bank | 4,50,000 | 1,12,500 | 1,37,500/- |
| | Dense Johnson, Maria Trading Company, Idukki. | South Indian Bank | 1,00,000 | 25,000 | |
| Kozhikode(1) | Shaheeda Aboobacker, Tony Bags, Poonoor, Kozbikode. | South Indian Bank | 340000 | 85000 | 85,000/- |
| Pathanamthitta(1) | Jafar AV, A One Hotel, Thadiyoor, Pathanamthitta. | South Indian Bank | 10,00,000 | 2,00,000 | 2,00,000/- |
| | | TOTAL (20 Beneficiaries) | 105,23,000/- | 21,93,750/- | 21,93,750/- |